**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3684** **05-08-2021 - ൽ മറുപടിയ്ക്ക്**

**വില വർദ്ധനവ് തടയാൻ സഹകരണ മേഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ ജി സ്റ്റീഫൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അവശ്യ സാധനങ്ങളുടെ വില വർദ്ധനവ് തടയുന്നതിനായി സഹകരണ വകുപ്പ് കൺസ്യൂമർ ഫെഡറേഷൻ മുഖേനയും പ്രാഥമിക സഹകരണ സംഘങ്ങളുടെ നീതി സ്റ്റോറുകളിലൂടെയും നടത്തുന്ന വിപണി ഇടപെടലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനു വേണ്ടി കൺസ്യൂമർഫെഡിന്റെ ത്രിവേണിസ്റ്റോറുകളിലൂടെയും പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയേക്കാൾ വിലകുറവിൽ വിതരണം ചെയ്യുന്നുണ്ട്. കൂടാതെ, ഓണം, ക്രിസ്തുമസ്, റംസാൻ, എന്നീ ഉത്സവ ഘട്ടങ്ങളിൽ കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സ്റ്റോറുകളിലൂടെയും സർക്കാർ ധനസഹായത്തോട്ടു കൂടി സഹകരണ സംഘങ്ങളെ കൂട്ടി യോജിപ്പിച്ചുകൊണ്ട് സബ്സിഡി വിപണികൾ നടത്താറുണ്ട്. ഏതാനും ഉത്പന്നങ്ങൾ ത്രിവേണി ബ്രാൻഡിൽ ആദായകരമായ നിരക്കിൽ പൊതു വിപണിയിൽ എത്തിക്കുന്നുമുണ്ട്. |
| (ബി) | സംസ്ഥാനത്തെ ഉപഭോക്തൃ സഹകരണ സംഘങ്ങൾ ഈ മേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകൾ മുഖേന അവശ്യ നിത്യോപയോഗ സാധനങ്ങൾ പൊതു മാർക്കറ്റിനേക്കാൾ വിലകുറച്ച് വിൽപന നടത്തുന്നുണ്ട്. കൂടുതൽ അളവിൽ ഉത്പന്നങ്ങൾ സംഭരിച്ച് ചില്ലറ വ്യാപാരം ഊർജ്ജിതപ്പെടുത്തി വിലക്കുറവ് വിപണിയിൽ സൃഷ്ടിക്കുന്നതും പ്രവർത്തനരീതിയാണ്. |
| (സി) | പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ പൊതുമാർക്കറ്റിലെ വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന് ത്രിവേണി സൂപ്പർ മാർക്കറ്റുകൾ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ